പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *188

18-12.2012 ലെ മറുപടിയ്ക്ക്

**സമ്പൂർണ്ണ കോർബാങ്കിംഗ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സമ്പൂർണ്ണ കോർബാങ്കിംഗ് പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിലവിൽ സംസ്ഥാന സഹകരണ ബാങ്കും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും, കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാസഹകരണ ബാങ്കുകൾ നബാർഡുമായി MOU ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ട, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കി വരികയാണ്. സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ വൽക്കരണം, ആധുനിക ബാങ്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കുന്നതു സംബന്ധിച്ച് 10.08.2010 ൽ 524/2010/സഹ നമ്പരായും 03.08.10 ൽ 508/2010 സഹ. നമ്പരായും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. |

| | | |
|---|---|---|
| ബി) | ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി, മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ആയതു നടപ്പിലാകുന്നതോടു കൂടി കൊമേഴ്സ്യൽ ബാങ്കുകളിൽ നൽകിവരുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകളിൽ നിന്നും ലഭ്യമാക്കാൻ സാധിക്കും എന്നുള്ളതാണ് പ്രധാന നേട്ടം. |
| (സി) | ഏത് ഏജൻസി വഴിയാണ് പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ ; | (സി) സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ വൽക്കരണം, ആധുനിക ബാങ്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കുന്നതു സംബന്ധിച്ച് 10.08.2010 ൽ 524/2010/സഹ. നമ്പരായും 03.08.10 ൽ 508/2010/സഹ. നമ്പരായും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. കൂടാതെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാസഹകരണ ബാങ്കുകൾ നബാർഡുമായി MOU ഒപ്പുവച്ചിട്ടുണ്ട്. |
| (ഡി) | സഹകരണ ബാങ്കുകളിൽ എ.ടി.എം മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പാക്കേജിൽ ഉൾപ്പെടുത്തുമോ ; വ്യക്തമാക്കുമോ ? | (ഡി) എ.ടി.എം സൗകര്യം ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാസഹകരണ ബാങ്കുകളിലും ചില സർവ്വീസ് സഹകരണ ബാങ്കുകളിലും എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തന മേഖലയും ഇടപാടുകാരുടേയും അംഗങ്ങളുടേയും ആവശ്യകതയും കണക്കിലെടുത്ത് എ.ടി.എം. സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടത് അതാതു ബാങ്കുകളുടെ ഭരണസമിതിയാണ്. |

സെക്ഷൻ ഓഫീസർ